# എയ്ഡ്സ് ബോധവല്‍ക്കരണവുമായി നാടന്‍ കലാജാഥ

എച്ച്.ഐ.വി. / എയ്ഡ്സ് സംബന്ധിച്ച് പൊതുജനങ്ങളില്‍ അവബോധം വര്‍ദ്ധിപ്പിക്കുക, എച്ച്.ഐ.വി. ബാധിതരോടും അവരുടെ ആശ്രിതരോടുമുള്ള സാമൂഹിക അവഗണനയും വിവേചനവും ഇല്ലാതാക്കുക, എച്ച്.ഐ.വി. നിയന്ത്രണത്തിനായി സര്‍ക്കാര്‍ നല്‍കിവരുന്ന സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങള്‍ കൂടുതല്‍ ജനങ്ങളില്‍ എത്തിക്കുക തുടങ്ങിയ ലക്ഷ്യങ്ങളുമായി ഗ്രാമങ്ങളിലേയ്ക്ക് നാടന്‍ കലാസംഘം എത്തുന്നു.

ദേശീയ എയ്ഡ്സ് നിയന്ത്രണ ഓര്‍ഗനൈസേഷന്‍ രാജ്യമെമ്പാടും നടത്തിവരുന്ന പ്രചാരണ പരിപാടിയുടെ ഭാഗമായുള്ള ഈ ബോധവല്‍ക്കരണ കലാജാഥയ്ക്കു സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി, ആരോഗ്യവകുപ്പ്, ആരോഗ്യ കേരളം, നെഹ്റു യുവകേന്ദ്ര തുടങ്ങിയ വിവിധ സര്‍ക്കാര്‍ വകുപ്പുകളും സന്നദ്ധ സംഘടനകളും സംയുക്തമായാണ് നേതൃത്വം നല്‍കുന്നത്.

കലാജാഥ ര ുഘട്ടമായാണ് സംസ്ഥാനത്ത് സംഘടിപ്പിച്ചിരിക്കുന്നത്. 2011 മെയ് 25 മുതല്‍ ജൂണ്‍ 10 വരെയുള്ള തീയതികളില്‍ ആദ്യഘട്ട പരിപാടി കണ്ണൂര്‍, കോഴിക്കോട്, എറണാകുളം, ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളില്‍ നടന്നു കഴിഞ്ഞു. ര ാം ഘട്ടപരിപാടി ഒക്ടോബര്‍ 24 മുതല്‍ ഡിസംബര്‍ 15 വരെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം , ഇടുക്കി, തൃശ്ശൂര്‍, പാലക്കാട്, മലപ്പുറം, വയനാട്, കാസര്‍ഗോഡ് എന്നീ ജില്ലകളില്‍ നടക്കും.

ജില്ലയിലെ വിവിധ ബ്ലോക്കുകളില്‍ 3 പരിപാടികള്‍ ഓരോ ദിവസവും അരങ്ങേറും. പഞ്ചായത്ത് പ്രതിനിധികള്‍, കുടുംബശ്രീ, സാക്ഷരതാ മിഷന്‍, പ്രഥമിക ആരോഗ്യ കേന്ദ്രങ്ങള്‍, സന്നദ്ധ സംഘടനകള്‍ എന്നിവയുടെ ആഭിമുഖ്യത്തില്‍ പ്രാദേശികമായി കലാജാഥയ്ക്ക് സ്വീകരണം നല്‍കും.

കോല്‍ക്കളി, മാജിക്ക്, തെരുവ് നാടകം, മങ്കീ ഷോ, നാടന്‍ പാട്ടുകള്‍ എന്നിവയാണ് കലാജാഥയിലെ പ്രധാന ഇനങ്ങള്‍. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളില്‍നിന്ന് തിരഞ്ഞെടുക്കപ്പെട്ട കലാസംഘങ്ങളാണ് കലാപരിപാടി അവതരിപ്പിക്കുക.

എച്ച്.ഐ.വി. ബാധിതരുമായുള്ള ആശയവിനിമയം, ബോധവല്‍ക്കരണ പ്രദര്‍ശനം, ലഘുലേഖ വിതരണം, സംശയ നിവാരണ ചര്‍ച്ചകള്‍ എന്നിവയും കലാജാഥയോടൊപ്പം ഉ ാകും.

ജില്ലാ കളക്ടര്‍ അധ്യക്ഷനായുള്ള ജില്ലാതല സംഘാടക സമിതിയില്‍, പോലീസ്, ജില്ലാ മെഡിക്കല്‍ ഓഫീസ്, നെഹ്റു യുവ കേന്ദ്ര, തദ്ദേശസ്വയംഭരണ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, എന്‍.എസ്.എസ്, എന്‍.സി.സി, ഗ്രാമവികസന വകുപ്പ്, ഫീല്‍ഡ് പബ്ലിസിറ്റി, പ്രത്യാശാകേന്ദ്രം, സുരക്ഷ പദ്ധതി, എന്നിവയുടെ പ്രതിനിധികള്‍ അംഗങ്ങളാണ്.

പത്രസമ്മേളനത്തില്‍ പങ്കെടുത്തവര്‍

1.
2.
3.